**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ മുന്നേറ്റത്തിന് അനുകൂലാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന സംരംഭക വർഷം പദ്ധതിയിൽ ഇതുവരെ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ട്; | (എ) | സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയം ഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നവംബർ 29, 2022 വരെ 95,195 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അവയിലൂടെ 5903.60 കോടി രൂപ നിക്ഷേപം വരികയും സംസ്ഥാനമൊട്ടാകെ 2,07,884 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. |
| (ബി) | വ്യവസായങ്ങൾ ആരംഭിക്കുന്നത് അനായാസകരമാക്കുന്നതോടൊപ്പം ആരംഭിച്ചവയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | സംരംഭക വർഷത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രാദേശികമായി താലൂക്ക് തലത്തിലും അതുപോലെ നഗരസഭാ തലത്തിലും എക്സിബിഷനുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വാണിജ്യ പ്രചാരണത്തിനായി ജില്ലാ തലത്തിലും എം.എസ്.എം.ഇ എക്സിബിഷനുകൾ നടത്തി വരുന്നുണ്ട്.<br><br>കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital |

| | | | |
|---|---|---|---|
| | | | Commerce (ONDC)- യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമ്മാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിക്കും. കേന്ദ്ര സർക്കാരിന്റെ (Directorate General of Supplies and Goods) ഇ-മാർക്കറ്റിംഗ് പോർട്ടലാണ് GeM. ഈ പോർട്ടൽ മുഖേന ഗവണ്മെന്റ് ഡിപ്പാർട്ട്മെന്റുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ഏജൻസികൾക്കും പൊതു സംഭരണം നടത്താവുന്നതാണ്. എം.എസ്.എം.ഇ സംരംഭങ്ങൾക്ക് GEM PORTAL രജിസ്ട്രേഷൻ നടത്തുന്നതു വഴി ഉല്പന്നങ്ങൾ വിപണനം നടത്താൻ സാധിക്കും. GEM PORTAL- ൽ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനൊപ്പം അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മത്സരക്ഷമത ഉറപ്പാക്കുന്നതിനും വിപണന സാധ്യതയും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ബി ടു ബി വെബ് പോർട്ടൽ, വാണിജ്യ മിഷൻ, വ്യാപാർ (ബി ടു ബി മീറ്റ്) എന്നിവ ഇതിൽ ഉൾപ്പെടുന്നു. |
| (സി) | സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ വിശദമാക്കാമോ? | (സി) | ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്.കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സംരംഭകരുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ചു |

| | | | |
|---|---|---|---|
| | | | പ്രവർത്തനം നടന്നു വരുന്നു.  ഈ സൗകര്യങ്ങൾ എല്ലാം തന്നെ  വായ്പയും, വിവിധ വകുപ്പുകൾ/ ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഉൾപ്പെടെയുള്ള സഹായങ്ങൾ സമയബന്ധിതമായി സംരംഭകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുള്ളവയാണ്. സംരംഭങ്ങൾ ആരംഭിക്കുന്നവർക്കു സാമ്പത്തിക സഹായം നൽകുന്നതിനുള്ള താഴെ പറയുന്ന പദ്ധതികളും നിലവിലുണ്ട്.<br><br>1. പി.എം.എഫ്.എം.ഇ പദ്ധതി<br><br>2. സംരംഭക സഹായ പദ്ധതി<br><br>3. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>4. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്<br><br>5. സമ്മർദ്ദമുള്ള (stressed)  വ്യവസായങ്ങൾ / പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ:<br><br>a. Revival and rehabilitation scheme for defunct MSMEs and cashew processing units<br><br>b. The Kerala stressed MSMEs Revival & Rehabilitation Scheme<br><br>കൂടാതെ 2022-23 സംരംഭകത്വ വർഷം ആചരിക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന പദ്ധതികളും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി<br><br>2. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി<br><br>3. നിലവിലുള്ള എം.എസ്.എം.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള (സ്കെയിലിംഗ് അപ് ) സഹായം. |

സെക്ഷൻ ഓഫീസർ